


POORNA
SINCE 1966

# കണ്ടു കണ്ടു കണ്ട്

രചന: ഡോ.കെ.ശ്രീകുമാർ
ചിത്രീകരണം: ടി.ആർ.രാജേഷ്

028.51
SRE/K
5228



താരമോൾക്കൊരു പുസ്തകമുണ്ട്.
പൂച്ചട്ടയുള്ള പുസ്തകം.



അവളതിനൊരു പേരിട്ടു.
"എന്റെ കിനാപ്പുസ്തകം!"

8O81.068
(SRE/K) KAN
5228

അതിന്റെ
തൂവെള്ളപ്പുറങ്ങളിൽ
അവൾ കണ്ട
സ്വപ്നങ്ങൾ
വരച്ചിട്ടു.






ഇടയ്ക്ക് അവളത് മറിച്ചുനോക്കും.
കിനാക്കൾ ഒന്നൊന്നായി ഓർത്തെടുക്കും.

കുന്നുപോലൊരു മിഠായിമല.



അതിനു മുകളിൽ താരമോൾ!



കണ്ണെത്താദൂരത്ത് സൂര്യകാന്തിപ്പൂക്കൾ.
അവയ്ക്കിടയിൽ പൂമ്പാറ്റപോലെ താരമോൾ!







വെണ്ണക്കട്ടി കണക്കെ മേഘപാളികൾ.
ഒഴുകിപ്പറന്ന് പക്ഷിയായി താരമോൾ!



ഇടിയും മഴയും തോർന്ന മുറ്റം.
ഓടിനടന്ന് ആലിപ്പഴം പെറുക്കുന്ന താരമോൾ!



നീലക്കടലിന്റെ
ശാന്തമായ അടിത്തട്ട്.
മത്സ്യകന്യകയായി
ഊളിയിട്ട് താരമോൾ!


8081.068 028.51
(SRE/(K) KAN - 5228



മാനം കാട്ടാതെ
വെച്ച മയിൽപ്പീലി.
അതുപെറ്റ്
മയിൽപ്പീലിക്കുഞ്ഞായി
താരമോൾ!



മാനം മുട്ടുന്ന കൊടുമുടിയുടെ നിറുക.
കൈകൊണ്ട് മേഘത്തെത്തൊട്ട് താരമോൾ!



തെരുവിൽ അലയുന്ന
അനാഥക്കുഞ്ഞുങ്ങൾ.
അവരെ തലോടി
അമ്മമാലാഖയായി
താരമോൾ!



താരമോൾ പേടിസ്വപ്നം കാണാറേയില്ല.
എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ച്
കിടക്കുന്നതു കൊണ്ടാവും.




താരമോളുടെ കിനാപ്പുസ്തകം
പകുതി പോലുമായില്ല.
ഇനിയുമുണ്ട് എത്രയോ
ഒഴിഞ്ഞ പുറങ്ങൾ.



ഇനിയെത്ര മധുരസ്വപ്നങ്ങൾ
കാണാനിരിക്കുന്നു!
അവയെല്ലാം പല നിറങ്ങളിൽ
വരയ്ക്കാനിരിക്കുന്നു!

കണ്ട സ്വപ്നങ്ങളെല്ലാം മധുരം.
കാണാനുള്ളത് ഇരട്ടിമധുരം!





താരമോൾ അവയോരോന്നായി കണ്ടുകണ്ട്...



കണ്ടുകണ്ട്, കണ്ടുകണ്ട്, അങ്ങനെയങ്ങനെ....!

പൂർണ പബ്ലിക്കേഷൻസ്
## സചിത്ര ബാലസാഹിത്യമാല

### ഡോ.കെ.ശ്രീകുമാർ



എറണാകുളം ജില്ലയിലെ കണയന്നൂരിൽ ജനിച്ചു. മലയാള സാഹിത്യത്തിൽ എം.എ, എം.ഫിൽ, ബി.എഡ് ബിരുദങ്ങളും പത്രപ്രവർത്തനത്തിൽ പി.ജി. ഡിപ്ലോമയും. മലയാള സംഗീതനാടകങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ് ബിരുദം. കാൽ നൂറ്റാണ്ടു കാലത്തെ 'മാതൃഭൂമി' ജീവിതത്തിനുശേഷം 2016-ൽ സ്വയം വിരമിച്ചു. ബൃഹദ്ഗ്രന്ഥങ്ങളടക്കം 182 പുസ്തകങ്ങളുടെ കർത്താവാണ്. കേന്ദ്ര-കേരള സാഹിത്യഅക്കാദമി അവാർഡുകളടക്കം അറുപതോളം പുരസ്കാരങ്ങൾ നേടി. ഫോൺ: 9544246473

### ടി.ആർ.രാജേഷ്



ചിത്രകാരനും അധ്യാപകനും. മികച്ച ചിത്ര പുസ്തകത്തിനും ചിത്രീകരണത്തിനുമുള്ള സംസ്ഥാന പുരസ്കാരങ്ങൾ ലഭിച്ചു. എട്ട് ഏകാംഗ ചിത്രപ്രദർശനങ്ങൾ നടത്തി. അധ്യയനത്തിലെ പുതുപരീക്ഷണങ്ങളുടെ പേരിൽ ദേശീയ ബഹുമതിക്ക് അർഹനായി. കുട്ടികൾക്കായി നിരവധി ചിത്ര പുസ്തകങ്ങൾക്ക് ബഹുവർണ്ണ ചിത്രങ്ങൾ രചിച്ചു. ഫോൺ: 9446059882

Design& Layout:
align.idea@gmail.com